(ബി) ആരോഗ്യ ചികിത്സയ്ക്ക് ആളോഹരിയുള്ള സ്വകാര്യമേഖലാ ചെലവും, പൊതുമേഖലാ ചെലവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ചികിത്സാചെലവ് ഉയരുന്നതിൽ സർക്കാർ ഇടപെടലുകൾ എത്രത്തോളം ഫലപ്രദമാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്ലാനിംഗ് കമ്മീഷൻ 2011 നവംബറിൽ പ്രസിദ്ധീകരിച്ച ഹൈലെവൽ എക്സ്പെർട്ട് ഗ്രൂപ്പ് റിപ്പോർട്ട് ഓൺ യൂണിവേഴ്സൽ ഹെൽത്ത് കവറേജ് ഫോർ ഇന്ത്യ എന്ന റിപ്പോർട്ടിൽ 2008-09-ലെ ആളോഹരി ചികിത്സാചെലവ് കേരളം (498 രൂപ), തമിഴ്നാട് (411 രൂപ), മദ്ധ്യപ്രദേശ് (229 രൂപ), ബീഹാർ (163 രൂപ) എന്നിങ്ങനെ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം ആളോഹരി ചികിത്സാ ചെലവുകളിലെ ഈ വ്യത്യാസം സംസ്ഥാനങ്ങളിലെ ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും സേവനങ്ങളുടെ മികവും സൂചിപ്പിക്കുന്നു.

(ബി) ആരോഗ്യ ചികിത്സയ്ക്ക് ആളോഹരിയുള്ള സ്വകാര്യ മേഖലാ ചെലവും, പൊതു മേഖലാ ചെലവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(സി) മെഡിക്കൽ കോളേജ് ആശുപത്രികളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഡയഗനോസ്റ്റിക് & റേഡിയോളജി, ക്യാൻസർ ചികിത്സ എന്നിവയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ചികിത്സാ ചെലവ് കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി രോഗികൾക്ക് സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്.

## പുകയില നിയന്ത്രണ നിയമം

**23 (715)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുകയില നിയന്ത്രണ നിയമം കേരളത്തിൽ ഫലപ്രദമായി നടപ്പിലാകുന്നില്ലാ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത നിയമം ഫലപ്രദമായി നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

പുകയില നിയന്ത്രണ നിയമം ആരോഗ്യം, ആഭ്യന്തരം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ ഏകോപനത്തിലൂടെ നടപ്പിലാക്കിവരുന്നു. നിയമ വിരുദ്ധമായ പരസ്യ ബോർഡുകൾ മാറ്റുന്നതിനും പുകവലി ദൃശ്യങ്ങൾ ഉൾപ്പെട്ട സിനിമാ പോസ്റ്ററുകൾ ക്കെതിരെയും നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതിനെതിരെയും സ്കൂളുകളുടെ 100 വാര ചുറ്റളവിൽ പുകവലി ഉല്പന്നങ്ങൾ വില്ക്കുന്നതിനെതിരെയും ബോധവത്കരണം നടത്തുന്നതിനും പിഴ ഈടാക്കുന്നതിനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly